പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 929

11.07.2016-ൽ

മറുപടിക്ക്

## മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയപ്രശ്നം

ചോദ്യം

ഉത്തരം

ശ്രീ.ജോർജ് എം. തോമസ് :

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജ് ചേന്ദമംഗല്ലൂർ - മംഗലശ്ശേരി തോട്ടം നിവാസികൾക്ക് നിരവധി വർഷങ്ങളായി ഭൂഉടമസ്ഥത സംബന്ധിച്ച് സർക്കാർ രേഖകൾ ലഭ്യമല്ലാത്ത വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭൂഉടമസ്ഥത സംബന്ധിച്ച് നിലവിൽ എന്തെല്ലാം സാങ്കേതിക പ്രശ്നങ്ങളാണ ഉള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സ്ഥലത്തെ കൈവശക്കാർക്ക് പട്ടയം കൊടുക്കുന്ന നടപടികൾ ആരംഭിച്ചിരുന്ന വെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. നടപടികൾ ആരംഭിച്ച സമയത്ത് കൈവശാവകാശം ലഭിച്ചിരുന്ന ഭൂരിഭാഗം വ്യക്തികളും വ്യവസ്ഥകൾ ലംഘിച്ച് ഭൂമി കൈമാറ്റം നടത്തിയതായി ശ്രദ്ധയിൽ പ്പെടുകയും ടി വ്യക്തികളുടെ പട്ടയം റദ്ദ് ചെയ്ത് നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. പട്ടയം ലഭിക്കാൻ അർഹതയുള്ളതായി കണ്ടെത്തിയവരുടെ ലിസ്റ്റ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന ജില്ലാ കളക്ടർ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് മന്ത്രിസഭായോഗം തീരുമാന മെടുക്കുകയുമുണ്ടായി. പ്രസ്തുത മന്ത്രിസഭായോഗ തീരുമാനം അനുസരിച്ച് ടി വിഷയത്തിൻമേൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു |

| | | | |
|---|---|---|---|
| | | | കൊണ്ട് ടി ഫയൽ പ്രസ്തുത വകുപ്പിന് കൈമാറിയിട്ടുണ്ട്.<br><br>എന്നാൽ ടി സ്ഥലം മുമ്പ് തൃക്കളയൂർ ദേവസ്വം ഭൂമിയാണെന്ന അവകാശ വാദവുമായി ഒരു വിഭാഗം ആളുകൾ ജില്ലാ ഭരണകൂടത്തെ സമീപിക്കുകയും അവരുടെ അവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിക്കുമെന്ന് അറിയിച്ചതായും ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ടി സ്ഥലം റിസർവ്വ് വനഭൂമി ആണെന്നും, 1980-82 കാലഘട്ടത്തിൽ വനം വകുപ്പിന്റെ അനുമതി കൂടാതെ തെറ്റായി കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ചു നൽകപ്പെട്ടതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (സി) | സാങ്കേതിക പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്നതിന് എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത സ്ഥലം ദേവസ്വം ഭൂമിയാണെന്ന വാദഗതി നിലവിലുണ്ട്. കൂടാതെ ടി വിഷയം വനം വകുപ്പിന്റെ പരിഗണനയി ലിരിക്കുന്നതിനാൽ ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമായതിനു ശേഷം മാത്രമേ പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ഡി) | സാങ്കേതിക പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിച്ച് മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | |

**സെക്ഷൻ ഓഫീസർ**